
ST.MARY'S C.G.H.S.S ERNAKULAM
മർമ്മരം

# ഇതളുകളിൽ.........

എഡിറ്റോറിയൽ.......................................................................................8

പ്രധാന അധ്യാപികയുടെ ആശംസ.......................................................9

ആശംസ..................................................................................................10

ആശംസ..................................................................................................11

ആശംസ..................................................................................................12

ആശംസ..................................................................................................13

അമ്മ.......................................................................................................14

അലസനായ വ്യാപാരി............................................................................16

പ്രകൃതി....................................................................................................18

സുന്ദര സൃഷ്ടി..........................................................................................20

ഭൂമി.........................................................................................................21

മനുഷ്യാവകാശം.....................................................................................23

അമ്മയെ മറന്നു......................................................................................25

കോറോണക്കാലത്തെ ഞായറാഴ്ച..........................................................26

അന്യം നിന്നു പോകുന്ന സ്നേഹബന്ധങ്ങൾ..........................................29

അറിവ്.......................................................................................31

ഹെർമൻ ഗുണ്ടർട്ട്.......................................................................34

നന്മ മരം.....................................................................................36

മരണം........................................................................................38

കാർത്തുമ്പി...............................................................................39

ചങ്ങമ്പുഴ കൃഷ്ണപിള്ള.............................................................42

നഷ്ട സ്വപ്നങ്ങൾ......................................................................44

മഞ്ഞ്..........................................................................................46

നീർമാതളത്തിൻറെ സ്വന്തം ആമി...........................................49

മഴവില്ല്.....................................................................................52

തുമ്പപൂവ്.................................................................................53

പുത്തനുണർവ്.........................................................................54

ഓർമ്മകൾ..................................................................................57

സരോജിനി നായിഡു..................................................................58

സമയം.......................................................................................60

സ്നേഹം....................................................................................62

മഴ.............................................................................................63

ഖസാക്കിൻറെ ഇതിഹാസം.........................................................................64

പ്രകൃതി...........................................................................................................66

സുഖവും ദുഃഖവും.......................................................................................68

കൂട്ടുകാർ......................................................................................................69

അനന്ത സ്നേഹം.........................................................................................72

ഭൂവിന്റെ മക്കൾക്കായി................................................................................73

പെൺകിളി..................................................................................................74

യുദ്ധം............................................................................................................75

ഏകാന്തതയുടെ കാലോച്ചകൾ..........................................................................77

മാരുതൻ.......................................................................................................79

ജീവിതമെന്ന ഒരാഗ്രഹം..............................................................................81

അതിരില്ലാത്ത സ്നേഹം................................................................................82

ജീവിത വേഷം.............................................................................................83

സ്കൂൾ പ്രവർത്തനങ്ങൾ

ശിശുദിന.......................................................................................................84

ക്രിസ്തുമസ് ആഘോഷം..................................................................................85

ഗാന്ധിജയന്തി.............................................................................................86

കേരളപ്പിറവി.........................................................................................87

ലോക പരിസ്ഥിതി ദിനം....................................................................88

ലോക വായനാദിനം........................................................................89

ലോക സംഗീത ദിനം.......................................................................90

സ്വാതന്ത്ര്യദിന. ആഘോഷം...............................................................91

ഹിന്ദി ദിനം......................................................................................92

ലോക ഹൃദയ ദിനം.........................................................................93

സി വി രാമൻ ദിനം.........................................................................94

അദ്ധ്യാപക ദിനം............................................................................95

മരിയൻസ് സ്കൂൾ റേഡിയോ...........................................................96

വാർഷിക ആഘോഷം.....................................................................97

റിപ്പബ്ലിക് ആഘോഷം.....................................................................99

അന്താരാഷ്ട്ര യോഗ ദിനം...............................................................100

Drawings..........................................................................................101-102

Joy of soil ......................................................................................104

She is the one...................................................................................105

Discipline........................................................................................106

Magic flower ....................................................................................108

Pandemic..........................................................................................110

The Lost tree ...................................................................................111

What are you?..................................................................................113

Mr.Snowman's dream.......................................................................114

Looking for smile..............................................................................117

Midst of past and future....................................................................118

Let us shine.......................................................................................119

It was all a dream..............................................................................121

Valour................................................................................................122

Drawings...........................................................................................123-124

सपना.................................................................................................127

चिड़िया...............................................................................................128

Drawings............................................................................................129

നന്ദി....................................................................................................130

## സെന്റ് മേരീസ് സി ജി എച്ച് എസ് എസ് എറണാകുളം

# മർമ്മരം

## ഡിജിറ്റൽ മാഗസിൻ

## LK/2022/26038

# എഡിറ്റോറിയൽ

വിദ്യാഭ്യാസം ലക്ഷ്യം വയ്ക്കുന്നത് ഒരുവന്റെ സർവ്വതോമുഖമായ വികാസമാണ്. പുസ്തകങ്ങളിൽ നിന്ന് അറിവ് ആർജ്ജിക്കുന്നതിലുമപ്പുറം ഒരുവനിൽ അന്തർലീനമായിരിക്കുന്ന കഴിവുകൾ കണ്ടെത്തുക എന്നത് ഏറെ പ്രാധാന്യമർഹിക്കുന്നു. ഈ ഡിജിറ്റൽ യുഗത്തിൽ ഇതിനുള്ള ഉപാധികൾ നിരവധിയാണ്.

വിദ്യാർത്ഥികളായ ഞങ്ങളുടെ സൃഷ്ടികൾ ലോകത്തിനുമുന്നിൽ സമർപ്പിക്കുവാൻ വേദിയൊരുക്കുകയാണ് ' മർമ്മരം ' എന്ന ഇ- മാഗസിനിലൂടെ. ഞങ്ങളുടെ ഉൾത്തടങ്ങളിൽ ഉറങ്ങിക്കിടക്കുന്ന സർഗ്ഗശേഷിയുടെ മയിൽപീലിത്തുണ്ടുകൾ കവിതകളും, കഥകളും, ലേഖനങ്ങളുമായി നിറകൂട്ടുകൾ തീർക്കുകയാണിവിടെ. സെന്റ് മേരീസ് സി. ജി. എച്ച്. എസ്. സ്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ അംഗങ്ങളായ ഞങ്ങൾ ആർജ്ജിച്ചെടുത്ത സാങ്കേതിക പരിജ്ഞാനം പ്രയോജനപ്പെടുത്തി മനോഹരമായ മർമ്മരം സ്രിഷ്ടിക്കാൻ കഴിഞ്ഞതിൽ ഞങ്ങൾക്കേറെ ചാരിതാർത്ഥ്യമുണ്ട്. ഈ കൊച്ചു സംരംഭത്തെ മനോഹരമാക്കാൻ ഒപ്പം നിന്നവരെ, അധ്വാനിച്ചവരെ, നിർദ്ദേശങ്ങൾ നൽകി നയിച്ചവരെ എല്ലാം ഹൃദയത്തോട് ചേർത്തു വയ്ക്കുന്നു. നിങ്ങൾക്ക് ഞങ്ങളുടെ ആത്മാർത്ഥമായ കൂപ്പുകൈ. ഇതിന്റെ ഇതളുകളിൽ നിന്നും പൊഴിയുന്ന സുഗന്ധം നിങ്ങളുടെ മനസ്സിന് അൽപ്പമെങ്കിലും കുളിർമ സമ്മാനിക്കുമെങ്കിൽ ഞങ്ങൾ കൃതാർത്ഥരാണ്.

## എഡിറ്റോറിയൽ ബോർഡ്



# പ്രധാന അധ്യാപികയുടെ ആശംസ



വിദ്യാഭ്യാസം എന്നാൽ എഴുത്തും വായനയും പഠിക്കുക എന്നല്ല,അത് പ്രതിസന്ധികളെ തരണം ചെയ്യാനുള്ള കരുത്താർജ്ജിക്കലാണെന്ന രാഷ്ട്രപിതാവിന്റെ വാക്കുകളെ അനുസ്മരിച്ചുകൊണ്ട് ഈ പ്രതികൂലസാഹചര്യത്തിൽ സെന്റ് മേരീസ് സി.ജി.എച്ച്.എസ്.എസ് ലെ കുട്ടികുരുന്നുകളുടെ സർഗ്ഗഭാവനകളെ പരിപോഷിപ്പിക്കുവാനുള്ള നിതാന്ത പരിശ്രമത്തിന്റെ ഭാഗമായി ഇറക്കുന്ന ലിറ്റിൽകൈറ്റ്സ് ഡിജിറ്റൽ സ്കൂൾ മാഗസിൻ മർമ്മരത്തിന് അഭിനന്ദനങ്ങൾ. വിജയമെന്നാൽ കഴിഞ്ഞ കാലങ്ങളെയോർത്ത് നെടുവീർപ്പിടുന്നവർക്കല്ല മറിച്ച് കഠിനാധ്വാനം ചെയ്യുന്നവർക്കുള്ളതാണെന്നത് അന്വർഥമാക്കികൊണ്ട് മനോഹരമായ ഈ മാഗസിൻ തയ്യാറാക്കിയ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് അനുമോദനങ്ങൾ.ഭാവിയിലേക്കുള്ള ചുവടുവെയ്പാകട്ടെ നിങ്ങൾക്ക് ലഭിക്കുന്ന ഓരോ അവസരവും അറിവും

എന്ന ആശംസയോടെ,

Sr.ലൗലി P K

ഹെഡ്മിസ്ട്രസ് ,

സെന്റ് മേരീസ് സി ജി എച്ച് എസ് എസ്

# ആശംസ



എറണാകുളം സെൻറ് മേരിസ് കോൺവെൻറ് ഗേൾസ് ഹയർസെക്കൻഡറി സ്കൂളിലെ ഐ ടി കൂട്ടായ്മ ആയ ലിറ്റിൽ കൈറ്റ്സ്, 2021-2022 അദ്ധ്യയന വർഷത്തിൽ ഡിജിറ്റൽ മാസിക 'മർമ്മരം' എന്ന പേരിൽ പ്രസിദ്ധീകരിക്കുന്നുവെന്ന് അറിയുന്നതിൽ സന്തോഷവും അഭിമാനവുമുണ്ട്. മർമ്മരത്തിൻറെ അണിയറശില്പികളായ വിദ്യാർത്ഥികളും അധ്യാപകരും രക്ഷിതാക്കളും അഭ്യുദയകാംക്ഷികളെല്ലാം അഭിനന്ദനം അർഹിക്കുന്നു. സെൻറ് മേരീസ് സി ജി എച്ച് എസ് എസ് ലിറ്റിൽ കൈറ്റ്സ് ശാഖയ്ക്ക് തുടർന്നും, ഉന്നത നിലവാരം പുലർത്തുന്ന സംഭാവനകൾ സമൂഹത്തിന് നൽകിക്കൊണ്ട് മുന്നേറുവാൻ കഴിയട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ശ്രീ ജോർജ് സക്കറിയാ എരുത്തിക്കൽ
പി ടി എ പ്രസിഡൻറ് ,
സെൻറ് മേരിസ് സി ജി എച്ച് എസ് എസ് .

# ആശംസ



കോവിഡ് കാലത്തെ നിസ്സംഗതയിലും നെടുവീർപ്പുകളിലും നിഷ്ക്രിയരായിപ്പോകാതെ നമ്മുടെ കുരുന്നുകളുടെ നിറമുള്ള ഓർമ്മകളും നനുത്ത ചിന്തകളും മധുരമർമ്മരങ്ങൾ ആക്കിമാറ്റിയ സെന്റ് മേരീസ് ലിറ്റിൽകൈറ്റ്സ് കൂട്ടായ്മയ്ക്ക് ആത്മാർഥമായ അനുമോദനങ്ങൾ.

ആശംസകളോടെ,

സംജ്ഞ ജോസഫ്
S I T C
സെന്റ് മേരീസ് സി ജി എച്ച് എസ് എസ് എറണാകുളം

# ആശംസ



വിവരസാങ്കേതിക വിനിമയ വിദ്യ സർഗാത്മകമായി പ്രയോജനപ്പെടുത്തി സെന്റ് മേരിസ് സി. ജി. എച്ച്. എസ്. എസിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ അണിയിച്ചൊരുക്കിയ 'മർമ്മരം' മനോഹരമായിരിക്കുന്നു.
കോവിഡിന്റെ ആലസ്യത്തിൽനിന്നുണർന്ന് ഉള്ളിൽ അന്തർലീനമായി കിടക്കുന്ന കഴിവുകൾ കണ്ടെത്തി, സർഗവാസനകൾക്ക് നിറം പകർന്ന് പേപ്പറും പേനയും ഇല്ലാതെ നിങ്ങൾ പ്രസിദ്ധീകരിക്കുന്ന 'മർമ്മരം' എന്ന ഇ - മാഗസിന് എല്ലാ വിജയങ്ങളും നേരുന്നു.
ഈ വർണ്ണകൂട്ട് തയ്യാറാക്കുന്നതിനായി ഒരുമയോടെ അധ്വാനിച്ചവർക്കും സൃഷ്ടികൾ നൽകി ഇതിനെ സമ്പുഷ്ടമാക്കിയവർക്കും സ്വയം അറിവുകൾ നിർമ്മിക്കാൻ ഈ അവസരം പ്രയോജനപ്പെടുത്തിയ ഏവർക്കും അഭിനന്ദനങ്ങൾ... ആശംസകൾ...

സി. ഷൈബി പോൾ
ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്

# ആശംസ



വിവരസാങ്കേതിക യുഗത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. നമ്മിലെ സർഗാത്മക വാസനകൾ മറ്റുള്ളവരുടെ മുന്നിലേക്ക് എത്തിക്കുവാനും അവ വിലയിരുത്തപ്പെടുവാനും ഒരുപാട് വഴികൾ ഈ ഡിജിറ്റൽ യുഗത്തിൽ നമ്മുടെ മുന്നിലുണ്ട്. സെൻ്റ് മേരീസ് സി. ജി. എച്ച് .എസ്. എസ് -ലെ കുരുന്നുകളുടെ സാഹിത്യവാസനകളും കലാവിരുതുകളും മർമ്മരം എന്ന E-മാഗസിനിലൂടെ എല്ലാവരിലേക്കും എത്തുമ്പോൾ ഹൃദയം നിറഞ്ഞ ആശംസകളും ഭാവുകങ്ങളും.......

ജെറിൻ വർഗീസ്
കൈറ്റ് മിസ്ട്രസ്

# അമ്മ



സ്നേഹനിധിയാണെന്നമ്മ

മക്കൾതൻ തെറ്റുകൾ-

പൊറുത്തീടുമമ്മ

മക്കൾക്കായി ജീവൻ ത്യജിച്ചീടുമമ്മ

വീടിന്റെ നിലവിളക്കായീടു-

മെന്നമ്മ

നിലാവുപോലെ-

തിളങ്ങീടുമെന്നമ്മ

അലിവിന്റെ പര്യായ-

മാണെന്നമ്മ

ജീവനേകിടുമെന്നമ്മ

ഞാനൊന്നുകരഞ്ഞാൽ

സ്നേഹമാണെന്നമ്മ



റോസ്നി ഫാത്തിമ IX E

# അലസനായ വ്യാപാരി



ഒരിടത്തൊരിടത്ത് ഒരു വ്യാപാരി ഉണ്ടായിരുന്നു. അയാൾ ഒരു കുഴിമടിയനും അലസനും ആയിരുന്നു. ഒരു ദിവസം അയാൾ വില്പനയ്ക്ക് വേണ്ടി ചന്തയിലേക്ക് ഒരു കുട്ട നിറയെ നല്ല പഴുത്ത ഓറഞ്ചും ആയി പോവുകയായിരുന്നു. ചന്തയിലേക്ക് എത്തുന്നതിനുമുമ്പ് ഒരു കുത്തനെയുള്ള ചരിവ് ഉണ്ടായിരുന്നു. ചരിവിലൂടെ നടക്കും വഴി അയാൾ ഒരു കല്ലിൽ തട്ടി, അപ്പോൾ അയാളുടെ തലയിൽ ഉള്ള ആ കുട്ട കുലുങ്ങി അതിൽനിന്ന് ഒരു ഓറഞ്ച് താഴത്തേക്ക് വീണു ആ ഓറഞ്ച് കുത്തനെയുള്ള ചരിവിലൂടെ ഉരുണ്ടുരുണ്ട് ആ തിരക്കുള്ള ചന്തയിലേക്ക് പോകുന്നത് കണ്ട് ആ വ്യാപാരി ചിന്തിച്ചു "ശ്ശെടാ ഞാൻ എന്തിനാ ഇത്ര കഷ്ടപ്പെട്ടു ഓറഞ്ച് ചുമന്നുകൊണ്ട് പോകുന്നത് ഈ കുട്ട അങ്ങു കമിഴ്ത്തിയാൽ ഇത് ഉരുണ്ടു ചന്തയിൽ എത്തില്ലേ എനിക്ക് വെറുതെ കയ്യും വീശി ചെന്ന് കാശും വാങ്ങി പോയാൽ പോരെ

എന്നു ചിന്തിച്ച് അയാൾ ആ കുട്ട കമിഴ്ത്തി. ഓറഞ്ച് എല്ലാം താഴത്തേക്ക് ഉരുണ്ടു പോയി. വ്യാപാരി കുത്തനെയുള്ള ചരിവിലൂടെ നടന്ന് താഴത്തു ചന്തയിൽ എത്തിയപ്പോൾ അയാൾ ഞെട്ടിപ്പോയി ഓറഞ്ച് എല്ലാം അവിടെ ഇവിടെ കിടക്കുന്നു. ചില ധൃതിയുള്ള കച്ചവടക്കാർ പെട്ടെന്ന് നടക്കുമ്പോൾ ഓറഞ്ചിനെ അറിയാതെ ചവിട്ടി ഞെരുക്കുന്നുണ്ട്. വ്യാപാരി പെട്ടെന്നുതന്നെ തൻറെ കുട്ടയിൽ ആവുന്നത്ര ഓറഞ്ച് പെറുക്കി ഇടാൻ ശ്രമിച്ചു. കഷ്ടപ്പെട്ട് കണ്ടതെല്ലാം പെറുക്കിയെടുത്തപ്പോൾ അയാൾക്ക് ഒരു കുട്ട നിറച്ചു ഉണ്ടായത് ആകെ കുട്ടയുടെ കാൽ ഭാഗം മാത്രമേ കിട്ടിയുള്ളൂ. ആ കാൽഭാഗത്തിൻറെ പകുതിയിലധികം ചതഞ്ഞതായിരുന്നു. അന്ന് ആ വ്യാപാരിക്ക് ഒരു വലിയ നഷ്ടമാണ് ഉണ്ടായത്.

കഥയുടെ ഗുണപാഠം – മടിയൻ മല ചുമക്കും



നേഹ ബിയാട്രിസ് IX A

# പ്രകൃതി

മൊത്തത്തിൽ പ്രപഞ്ചത്തെ സൂചിപ്പിക്കുന്ന ഒരു പദമാണ് 'പ്രകൃതി'. മുഴുവനായുള്ള ജീവനും പ്രകൃതിയുടെ ഘടകങ്ങളാണ്. മനുഷ്യനിർമ്മിതമായ വസ്തുക്കളെ പ്രകൃതിയുടെ ഭാഗമായി കണക്കാക്കാറില്ല. നാം തന്നെയാണ് നമ്മുടെ പ്രകൃതിയെ



നശിപ്പിക്കുന്നതും മലിനമാക്കുന്നതും. ഭൂമിയിലെ ഓരോ ജീവജാലങ്ങൾക്കും ഭൂമിയെ സംരക്ഷിക്കാനുള്ള ഉത്തരവാദിത്വമുണ്ട്. നാം എല്ലാവരും പ്രകൃതിയിൽ കെട്ടിടങ്ങളും മറ്റും ഉയർത്തി കെട്ടുമ്പോൾ, പ്രകൃതി എത്രമാത്രം വേദന അനുഭവിക്കുന്നുണ്ടാവും. മരം മുറിക്കുന്നു പ്ലാസ്റ്റിക് മാലിന്യങ്ങൾ വലിചെറിയുന്നു അങ്ങനെ അങ്ങനെ പലതും പ്രകൃതിയെ വേദനിപ്പിക്കുന്നു. പ്രകൃതിയെ നാം തന്നെ നശിപ്പിച്ചാൽ പ്രകൃതിയിലെ എല്ലാവരും എവിടെ പോകും. നാം തന്നെ നമ്മുടെ പ്രകൃതിയെ വിഷമിപ്പിക്കുന്നു. പ്രകൃതി നമുക്ക് എന്തെല്ലാം തരുന്നു, ഭക്ഷ്യവസ്തുക്കൾ പ്രകൃതിയിലൂടെ മാത്രമേ നമുക്ക് ലഭിക്കുകയുള്ള

"പ്രകൃതിയെ നശിപ്പിക്കരുത്

പ്രകൃതിയെ സ്നേഹിക്കുക"



ഏഞ്ചൽ ബിബിൻ IX C

# സുന്ദര സൃഷ്ടി



പച്ചപ്പരവതാനി പുതച്ചു നിൽക്കുന്നു

എത്ര സുന്ദരമാണീ പ്രകൃതി
മന്ദ മന്ദമായി ഒഴുകുന്ന നദികളും
ഉയർന്നു നിൽക്കും മലനിരകളും
നയന മനോഹരമാം സുന്ദരങ്ങളും
മനംനിറയ്ക്കും ഹരിത സസ്യലതാദികളും
കളകളാരവം മുഴക്കുന്ന പറവകളും
എത്ര സുന്ദരമാണീ പ്രകൃതി



റോഷ്ന കെ .എ IXA

# ഭൂമി



നീയാണമ്മ നീയാണ് ജീവൻ

നിന്റെ ജീവനാണ് എല്ലാത്തിന്റെയും ജീവൻ

നീയാണ് ജീവന്റെ ശ്വാസം

നീയാണെല്ലാത്തിന്റെയും ജീവൻ

നീയാണമ്മ നീയാണ് ജീവൻ

അന്നവും ജീവശ്വാസവും നീയാണ്,

നീയാണ് ജീവന്റെ അടിസ്ഥാനം

ചില സമയങ്ങളിൽ നീ വസന്തമായു

ചിലപ്പോൾ കൊടുംചൂടായും

പിന്നെ വർഷമായും നീ മാറും

എന്നാൽ നിശ്ചിതമല്ല നിന്റെ

ഈ ഭാവങ്ങളൊന്നും

എന്നാൽ നിന്റെയീ

സുന്ദരമായ ഭാവങ്ങൾക്കൊണ്ട്

ഞങ്ങളെ നീ സന്തോഷത്തിൽ ആഴ്ത്തുന്നു

നീയാണമ്മ നീയാണ് ജീവൻ



അർച്ചന എം.ബി IX E

# മനുഷ്യാവകാശം

ജീവിത മൂല്യങ്ങൾ അനുസരിച്ച് ജീവിക്കുന്ന പാരമ്പര്യമാണ് നമ്മൾ കേരളീയർക്ക് ഉള്ളത്. പണ്ടത്തെ കാരണവന്മാർ തലമുറകളായി കൈമാറി തന്ന രീതികളാണ് എല്ലാവരും അനുകരിക്കുന്നത്. അത് ഏതു മതത്തിൽ പെട്ടവരാണെങ്കിലും അവർ നമുക്ക് കൈമാറി തന്ന നല്ല കാര്യങ്ങൾ നമ്മൾ സ്വീകരിച്ചു, പക്ഷേ മൂലയിൽ ആക്കപ്പെടുന്ന ഒരു വിഭാഗമുണ്ട്, കാട്ടിൽ താമസിക്കുന്ന ആദിവാസികൾ. അവരെ നഗരത്തിൽ താമസിക്കുന്ന മിക്കവരും അവരെ നികൃഷ്ട വസ്തുക്കളായിട്ടും നിലവാരം ഇല്ലാത്തവരായിട്ടും കഴിവില്ലാത്തവരായിട്ടൊക്കെയാണ് കാണുന്നത്. പക്ഷേ അവരെ നമുക്കൊപ്പം ഉയർത്തിക്കൊണ്ടുവരണമെന്നൊ അവരെ സഹായിക്കണമെന്നൊ ഉള്ള വിചാരം ആർക്കുമില്ല.



ചില നല്ല മനസ്സുള്ളവർ അവരെ പഠിപ്പിക്കാനായി പണം നൽകി സഹായിക്കാറുണ്ട് എന്നുമാത്രം. പക്ഷേ അവരെ ഇപ്പോഴും സമൂഹത്തിൽ നിന്ന് അകറ്റി നിർത്താറുണ്ട്. നമ്മുടെ രാഷ്ട്രപിതാവായ ഗാന്ധിജിയുടെ വിചാരങ്ങൾക്ക് അനുസരിച്ച് എല്ലാവർക്കും ഒരേപോലെ അവകാശങ്ങൾ ലഭിക്കണം. പക്ഷേ ഗവൺമെൻറ് അവർക്ക് ആനുകൂല്യങ്ങൾ നൽകുമ്പോൾ അവർക്ക് അത് ലഭിക്കാതെ പോകുന്നു. അവർക്കുള്ളത് ചിലർ തട്ടിപ്പറിച്ച് എടുക്കുന്നു. ഇത് തടയാനായി ചില നടപടികൾ ഗവൺമെൻറ് സ്വീകരിച്ചെക്കെങ്കിലും അത് പൂർണമായ വ്യാപിപ്പിക്കാൻ അവർക്ക് സാധിച്ചില്ല. ഇത് തടയാനായി ആദിവാസികളുടെ അവകാശങ്ങൾക്ക് വേണ്ടി ഓരോ ചെറുപ്പക്കാരും സ്വരം ഉയർത്തണമെന്നും, അവരെ സഹായിക്കാൻ കഴിവുള്ളവർ അവരെ സഹായിക്കണമെന്ന വിചാരത്തോടെയാണ് നാം ജീവിക്കേണ്ടത് . ഭാരതം എന്നത് ഒരൊറ്റ രാജ്യമാണ്, അവിടെ വേർതിരിവ് പാടില്ല. എല്ലാവർക്കും ഉള്ളത് എല്ലാവരും പങ്കുവെച്ചു ജീവിക്കുകയും വേണം.



മേരി മിഥു മിൽട്ടൺ IX C

# അമ്മയെ മറന്നു



നിൻ മാറിലെ ചൂടേറ്റു  ഞാൻ വളർന്നു
നിൻ അമിഞ്ഞപാലാകുന്ന ജലത്താൽ ഞാൻ ദാഹമടക്കി
നിൻ സ്നേഹം എനിക്കായി നൽകിയ സന്തോഷത്താൽ ഞാൻ
വളർന്നു
എങ്കിലും ഞാൻ നിന്നെ ഒരുനാൾ മറന്നു
നിൻ തൂണുകൾ ഞാൻ വെട്ടിയെടുത്തു
നിൻ സൗന്ദര്യം ഞാൻ എൻ സ്വാർത്ഥതയിൽ മുക്കി
എങ്കിലും  നീ എന്നെ സ്നേഹിക്കുന്നു
നീയെൻ അമ്മതൻ പ്രകൃതിയാകുന്നു.



ബിൽഹ ആന്റണി IX E

# കൊറോണക്കാലത്തെ ഞായറാഴ്ച

എന്റെ പേര് വർഷ. ഏഴാം ക്ലാസിലെ വാർഷിക പരീക്ഷയുടെ പകുതിയായപ്പോഴാണ് ലോകമെമ്പാടും കോവിഡ് മഹാമാരി പടർന്നുപിടിച്ചത്.ആ സമയത്ത് സർക്കാർ എല്ലാ സ്കൂളുകൾക്കും അവധികൊടുത്തിരുന്നു. ലോകമെമ്പാടുമുള്ള ജനങ്ങൾ ലോക്ക്ഡൗണിൽ ബന്ധിതരായി. മറ്റുള്ള കുട്ടികളെ പോലെ എനിക്കും വീട്ടിലിരിക്കാൻ ഇഷ്ടമായിരുന്നു പക്ഷെ കുട്ടുകാരെ കാണാൻ പറ്റാത്തതിലുള്ള വിഷമം ഉണ്ടായിരുന്നു. പഠനം എല്ലാം ഓൺലൈൻ ക്ലാസുകൾ വഴി നടക്കുന്നുണ്ടായിരുന്നു.



അങ്ങനെ ഒന്നരവർഷം കൊറോണയുമായി കടന്നുപോയി. ഇപ്പോൾ ഞാൻ ഒമ്പതാം ക്ലാസിൽ പഠിക്കുന്നു. ഈ സമയത്ത് കൊറോണ

എല്ലാം കുറഞ്ഞു തുടങ്ങിയതിനാൽ സ്കൂളുകൾ തുറക്കാൻ സർക്കാർ തീരുമാനിച്ചു. അതിന്റെ തീയതിയും പുറത്തുവിട്ടു. ഇന്ന് ഒരു ഞായറാഴ്ചയാണ് നാളെ ആണ് സ്കൂൾ തുറക്കുന്നത്. രാവിലെ പതിവ് പോലെ തന്നെ ഞാൻ മൊബൈലുമായി നടുക്കത്തെ മുറിയിലെ കസേരയിൽ വന്നിരുന്നു.അതു കണ്ടുവന്ന അമ്മ എന്നെ ഒരുപാട് വഴക്കുപറഞ്ഞു. " രാവിലെ തന്നെ തുടങ്ങിക്കോളും അവളുടെ ഫോൺ നോട്ടം"എന്തെല്ലാം പറഞ്ഞിട്ടും ഞാൻ ഒരു ഭാവവും കൊടുക്കാതിരുന്നത് കൊണ്ടാവണം അമ്മ എന്റെ അടുത്തേക്ക് വന്നു എന്നെ ഒന്നു കുലുക്കി.അപ്പോഴാണ് ഞാൻ എന്റെ ചെവിയിൽ നിന്നും ഹെഡ്ഫോൺ ഊരി മാറ്റിയത്.അത് കണ്ട് അമ്മയുടെ ദേഷ്യം കൂടി. അമ്മ പറഞ്ഞതൊന്നും ഞാൻ കേട്ടിട്ടില്ല എന്ന് അമ്മയ്ക്ക് മനസ്സിലായി പക്ഷേ എന്നെ ദേഷ്യത്തോടെ ഒന്ന് നോക്കിയിട്ട് അമ്മ അവിടെ നിന്നു പോയി. ചിലപ്പോൾ ഇനിയൊന്നും പറയാനുള്ള ശക്തി ഇല്ലാത്തതു കൊണ്ടാവണം. പിന്നെയാണ് ഞാൻ ബയോളജി ഗ്രൂപ്പിലെ മെസ്സേജ് കണ്ടത്. മെസ്സേജിൽ പറഞ്ഞത് സന്ധ്യ ടീച്ചർ നാളെ വരുമ്പോൾ ബയോളജിയുടെ യൂണിറ്റ് ടെസ്റ്റ് നടത്തും. അത് കണ്ടപ്പോൾ ചെറിയൊരു പേടി ഉണ്ടായെങ്കിലും ഞാനതു കാര്യമാക്കിയില്ല. രാത്രിയായിട്ടും ബയോളജി ഒരക്ഷരം പോലും ഞാൻ പഠിച്ചില്ല. അപ്പോഴാണ് ഫോണിൽ നിന്നും ഒരു ക്ലീങ് സൗണ്ട് കേട്ടത്. ഞാൻ പെട്ടെന്ന് തന്നെ ഫോൺ എടുത്തു നോക്കി , എന്റെ കൂട്ടുകാരി അനുഗ്രഹയുടെ മെസ്സേജ് ആയിരുന്നു അത്. അവൾ എന്നോട് ചോദിച്ചു ബയോളജി പഠിച്ചോ എന്ന് പിന്നെ അവൾ പറഞ്ഞു അവൾ ആ പാഠഭാഗം മുഴുവൻ പഠിച്ചു കഴിഞ്ഞു എന്ന്. അത് കേട്ടപ്പോൾ എനിക്ക് ഒരു കുറ്റബോധം തോന്നി. ഒരുപാട് സമയം കിട്ടിയിട്ടും ഞാൻ എന്തുകൊണ്ട് ഒന്നും പഠിച്ചില്ല എന്ന് ഞാൻ സ്വയം ചോദിച്ചു. കുറച്ചുനേരം ഞാൻ ഒന്ന് ഇരുന്ന് ആലോചിച്ചു. അപ്പോൾ അമ്മ വന്നെന്നെ അത്താഴത്തിനായി വിളിച്ചു. നാളെ

ഒന്നും പഠിക്കാതെ ക്ലാസ്സിൽ ചെന്നാലുള്ള അവസ്ഥ ഞാൻ ഒന്നുകൂടി ആലോചിച്ചു.

എന്നിട്ട് അത്താഴം പെട്ടെന്ന് കഴിച്ചു മുറിയിലേക്ക് വന്നു ബയോളജി പുസ്തകം എടുത്തു കട്ടിലിലിരുന്നു. കുറേനേരം ഇരുന്നു പഠിച്ചു. രാത്രി ഏകദേശം രണ്ടരയോടെ ഞാനാ പാഠഭാഗം മുഴുവൻ തീർത്തിട്ടു കട്ടിലിൽ കിടന്നു.

നമ്മൾ പലപ്പോഴും ഫോണിലേയോ അഥവാ സോഷ്യൽ മീഡിയകളിലേയോ മാന്ത്രിക ലോകത്ത് അകപ്പെട്ട് യാഥാർത്ഥ്യത്തിനെ കുറിച്ചു പലപ്പോഴും മറന്നു പോകുന്നു. സാമൂഹിക മാധ്യമങ്ങൾ നമുക്ക് പല രീതിയിലും ഉപകാരപ്പെടുന്നുണ്ട് പക്ഷേ അമിതമായാൽ അമൃതും വിഷം എന്ന് കേട്ടിട്ടില്ലേ അതുപോലെതന്നെ ഇതിനും നമുക്ക് ഒരു നിയന്ത്രണം വെക്കണം. ഇത് ഞാൻ ഇന്ന് തിരിച്ചറിഞ്ഞു എന്റെ തെറ്റ് തിരുത്തി. നാളത്തേക്കുള്ള പാഠഭാഗങ്ങൾ പഠിച്ചു തീർത്ത സംതൃപ്തിയോടെ ഞാൻ ഉറക്കത്തിലേക്ക് വഴുതി വീണു.



വന്ദനകാന്ത് കെ.എസ് IX A

# അന്യം നിന്ന്പോകുന്ന സ്നേഹബന്ധങ്ങൾ




നമ്മുടെ നാടിന്റെ സൗന്ദര്യവും സംരക്ഷണവും ആസ്വദിച്ച് മാതാപിതാക്കളുടെ സ്നേഹലാളനകളാൽ സന്തോഷിച്ച് വളരുന്ന കുഞ്ഞുങ്ങൾ. വളർന്ന് വലുതായാൽ ഇവയെല്ലാം വലിച്ചെറിഞ്ഞ് പാഴ്വസ്തുക്കളെപ്പോലെ ആക്കി പറന്നുയർന്ന് കടൽ കടന്നു പോകുന്ന മക്കൾ. തങ്ങൾ വളർന്നു വന്ന ലോകത്തിലെ എല്ലാ സുഖസൗകര്യങ്ങളും തള്ളിക്കളഞ്ഞ് അവർ പറക്കുന്നു. എന്നാൽ അവയെല്ലാം മറ്റൊരു ലോകത്തിന്റെ സ്വന്തം ആണെന്ന് തിരിച്ചറിയാതെ ആണ് അവർ അവിടെ വേരുറപ്പിക്കാൻ ശ്രമിക്കുന്നത്. ആ നാട് അവർക്കെന്നാൽ നമ്മുടെ നാട് നമുക്ക് സ്വന്തം ആണെന്ന് മനസ്സിലാക്കാൻ നാം ഒരുപാട് വൈകും. അപ്പോഴേക്കും നമ്മൾ 'പ്രവാസി' എന്ന മുദ്രയാൽ പച്ചക്കുത്തി കഴിയും. പ്രവാസികളുടെ സമ്പാദ്യം നാടിനാവശ്യമായതിനാൽ അവൻ തിരികെ എത്തരുതെന്നു ചിലരെങ്കിലും ആഗ്രഹിക്കുന്നുണ്ട്. കാരണം അത് അവരുടെ വരുമാനമാർഗം മാത്രമായതു കൊണ്ടാണ്. എപ്പോഴും പ്രവാസികളിൽ നിന്ന് ലാഭം മാത്രം നേടണം എന്നതാണ്

ഓരോരുത്തരും ആഗ്രഹിക്കുന്നത്.കടൽ കടന്നു പോകുന്നു മക്കളെ ഒരു നോക്കു കാണാനാകാതെ കഴിയുന്ന എത്രയോ മാതാപിതാക്കളും ബന്ധുക്കളും ആണ് നമ്മുടെ നാട്ടിൽ. ഒന്നുകാണാൻ കൊതിച്ച് അവരോട് ഒന്ന് വരു എന്ന് മാത്രം പറയുന്ന ആ നിമിഷം. ജനിച്ച സ്വന്തം കുഞ്ഞിന്റെ മുഖം ആദ്യമായി കാണാൻ ആകാതെ വർഷങ്ങൾ കഴിഞ്ഞ് കാണുന്ന എത്രയോപേരാണ് നമ്മുടെ നാട്ടിൽ ഉള്ളത്. ഇതിനെല്ലാം എന്ത് പരിഹാരമാണ് ഉള്ളത് ആർക്കും അറിയില്ല. നമ്മുടെ നാട്ടിലെ വികസനങ്ങൾക്ക് ഇതിനു പരിഹാരം നൽകാൻ കഴിയുമോ എന്നത് ചിന്തിക്കേണ്ടിയിരിക്കുന്നു.

എപ്പോഴും ചിന്തിക്കുക അന്യനാട്ടിൽ നാം അന്യർ തന്നെ നമ്മുടെ സ്വന്തം നാട്ടിൽ നാം ആതിഥേയൻ ആകണം, അപ്പോൾ നമ്മളെ സ്നേഹിക്കാനും പരിഗണിക്കാണും ധാരാളം സുമനസ്സുകൾ ഉണ്ടാകും. പ്രവാസികൾ എന്ന മുദ്രകൾ മാറ്റി കിട്ടും. അതിഥികൾ വിദേശികളായി വരുമ്പോൾ അവരുടെ ആതിഥേയരാകും നമുക്ക് അവരെ സ്നേഹത്തോടെ എതിരേൽക്കാം. നമ്മുടെ നാടിന്റെ ഹരിതാഭയും പച്ചപ്പും അവർ കാണട്ടെ നാടിന്റെ ഐക്യവും അഖണ്ഡതയുമാണ് അവരെ പഠിപ്പിക്കേണ്ടതും അറിയിക്കേണ്ടതും അതിലാവട്ടെ നമ്മുടെ പ്രശസ്തി.



നിവി സിജു IX A

# അറിവ്



അയാൾ ഒരു കഥ എഴുതാൻ തീരുമാനിച്ചു. എന്തെഴുതും അയാൾ ആലോചിച്ചു. കഥ എന്ന് പറയുമ്പോൾ അതിന് ഒരു കഥയും കഥാ സന്ദർഭവും ഒക്കെ ആവശ്യമുണ്ട്. അങ്ങനെ നീട്ടിപരത്തി ഒക്കെ ചിന്തിച്ചപ്പോൾ ഈ കഥ ഇവിടെ അവസാനിക്കുകയില്ല എന്ന് അപ്പോൾ അയാൾ ആലോചിച്ചു. എന്തിന് ഇത്ര നീട്ടിപരത്തി ഒക്കെ ചിന്തിക്കണം. സ്വന്തം ജീവിതത്തിൽ നിന്ന് ഒരേട് പറിച്ചെടുത്ത് എഴുതിയാൽ മതിയല്ലോ. കാരണം ഒരു കഥയുമില്ലാത്ത ജീവിതം അല്ലല്ലോ നമ്മുടേത്.

അയാൾ പുറകിലേക്ക് തിരിഞ്ഞു നോക്കി. അയാൾക്ക് അയാളുടെ കുട്ടിക്കാലം, വിദ്യാഭ്യാസകാലം ഒക്കെ ഓർമ്മ വന്നു. അല്ലെങ്കിലും മനുഷ്യർക്ക് എന്നും ദീപ്തസ്മരണ ഉണർത്തുന്നത് അവർ എത്ര വലുതായാലും അവരുടെ കുട്ടിക്കാലവും വിദ്യാഭ്യാസ കാലവും ഒക്കെയാണ് . അല്ലെങ്കിൽ തന്നെ ഇന്ന് എന്തോ ഓർക്കാൻ....."

യുദ്ധവും സമാധാനവും" എന്നാൽ യുദ്ധം മാത്രമേയുള്ളൂ, സമാധാനം ഇല്ല. വീണ്ടും അയാൾ തൻറെ കുട്ടിക്കാലം അയവിറക്കി . തൻറെ വിദ്യാഭ്യാസകാലത്ത് എന്തായിരുന്നു വിദ്യാഭ്യാസത്തിൻറെ ഉദ്ദേശം എന്ന് അയാൾ ആലോചിച്ചു തുടങ്ങി. പഠിക്കുക നല്ല മാർക്കോടെ പാസ്സാക്കുക... വീണ്ടും പഠിക്കുക.... പത്താംതരം പാസാക്കുക അതും നല്ല മാർക്കോടെ. അന്നത്തെ നല്ല മാർക്കുകൾക്ക് നല്ല ഓരോ പേരുകൾ ഉണ്ടായിരുന്നു. ഹോ !അയാൾ ആലോചിച്ചു എത്ര കഷ്ടപ്പെട്ട് പഠിച്ചിട്ടാണ് ഓരോ ഇമേജ് ഉണ്ടാക്കി എടുത്തിരുന്നത്. അങ്ങനെ പത്താംതരം പാസ്സായതിനു ശേഷം കലാലയ വിദ്യാഭ്യാസം, ഭാഷാ പഠനത്തിലൂടെ പോകുമ്പോൾ മലയാളവും ഇംഗ്ലീഷും പദ്യങ്ങളിലൂടെ പോകുമ്പോൾ നമുക്ക് ലഭ്യമാവുന്ന അനുഭൂതി പൂത്തുലഞ്ഞു നിൽക്കുന്ന വാകമരങ്ങൾ പോലെയായിരുന്നു. പിന്നീടെപ്പോഴോ അയാൾ ചിന്തിച്ചുതുടങ്ങി പഠിക്കുന്നത് നല്ലൊരു ജോലി കിട്ടാൻ വേണ്ടിയിട്ട് ആയിരുന്നോ?

കാലം കടന്നു പോയി അയാൾക്ക് പ്രത്യേകിച്ച് ഒരു ജോലിയും കിട്ടിയിരുന്നില്ല. പിന്നീട് അയാൾ ഒരു സ്വയംതൊഴിൽ സംരംഭകനായി. വർഷങ്ങൾ കടന്നുപോയി അയാൾ വിവാഹിതനായി അയാൾക്ക് ഒരു പെൺകുഞ്ഞ് ഉണ്ടായി. കുട്ടി വളർന്നു വിദ്യാഭ്യാസകാലഘട്ടം ആയി. അയാൾ ആലോചിച്ചു എന്തു പറഞ്ഞിട്ടാണ് കുട്ടിയെ വിദ്യാഭ്യാസത്തിൻറെ പ്രാധാന്യത്തെക്കുറിച്ച് മനസ്സിലാക്കി കൊടുക്കുക. അപ്പോൾ അയാൾക്ക് ബോധ്യം വന്നു. വിദ്യാഭ്യാസം ഒരു ജോലിക്ക് വേണ്ടിയുള്ള അടിസ്ഥാനയോഗ്യത മാത്രമല്ല. അതിനേക്കാളുപരി ലോകത്തെ കുറിച്ചുള്ള, നമ്മളെ കുറിച്ച് തന്നെയുള്ള, മനുഷ്യരാശിയെ കുറിച്ചുള്ള, ജന്തു ജീവജാലങ്ങളെ കുറിച്ചുള്ള കളകളാരവം പൊഴിക്കുന്ന നദികൾ, പുഴകൾ, കായൽ, കടൽ അതിൽ ഉൾക്കൊണ്ടിരിക്കുന്ന അതിൽ അധിവസിക്കുന്ന ചെറുതും, വലുതും ആയിട്ടുള്ള ജീവജാലങ്ങൾ ആൽഗകൾ പോലെയുള്ള ചെറുസസ്യങ്ങൾ, ഒരു കോശം മാത്രം ഉള്ള അമീബ എന്നിങ്ങനെ

സർവ്വ ജീവജാലങ്ങളെയും ഉൾക്കൊള്ളുന്ന, പ്രകൃതിയെക്കുറിച്ചുള്ള അറിവ് ഇവയെല്ലാം സംരക്ഷിച്ചും നിയന്ത്രിച്ച് പോരുന്ന സർവ്വശക്തന് കുറിച്ചുള്ള അറിവ്, ജീവനെടുക്കാൻ അല്ല മറിച്ച് ജീവൻ നൽകാനും മറ്റൊരുവന്റെ ജീവൻ സംരക്ഷിക്കാനും ഉള്ള അറിവ്. അതല്ലേ വിദ്യാഭ്യാസം.

പെട്ടെന്ന് അയാൾ ക്ലോക്കിലേക്ക് നോക്കി രാത്രി 12 മണി കഴിഞ്ഞിരിക്കുന്നു. സകല ജീവജാലങ്ങളും അവരുടെ അടുത്ത ദിവസത്തേക്കുള്ള ഊർജ്ജം സമ്പാദിക്കുവാൻ ആയി സുഖനിദ്രയിൽ ആയിരിക്കുന്നു. തൻറെ അടുത്ത ദിവസത്തെ സ്വയംസംരംഭക ജോലിക്കായുള്ള ഊർജ്ജത്തിനായി അയാൾ ഉറങ്ങാൻ പോയി...



മേരി ഏയ്ഞ്ചല വിവേര IX A

# ഹെർമ്മൻ ഗുണ്ടർട്ട്



മലയാളത്തിലെ ആദ്യ നിഘണ്ടു ആധുനിക രീതിയിൽ ഉണ്ടാക്കിയത് ഹെർമ്മൻ ഗുണ്ടർട്ട് എന്ന മിഷനറിയായിരുന്നു.(4 ഫെബ്രവരി 1814-25 ഏപ്രിൽ 1893) ഇന്നു നാം സംസാരിക്കുന്ന മലയാള ഭാഷയ്ക്ക് നാം കടപ്പെട്ടിരിക്കുന്നത് ഈ ജർമ്മൻകാരനോടാണ് !!! 1856 ൽ 'മലയാള ഭാഷ വ്യാകരണം' എന്ന പുസ്തകം ഇദ്ദേഹം പ്രസിദ്ധപ്പെടുത്തി. മലയാളം-ഇംഗ്ലീഷ് നിഘണ്ടു പ്രസിദ്ധീകരിച്ചത് 1872 ലായിരുന്നു. മലയാളത്തിലേക്ക് ബൈബിൾ മൊഴിമാറ്റുക എന്ന ഉദ്ദേശത്തോടെ കണ്ണൂരിലെ അഞ്ചരക്കണ്ടി എന്ന സ്ഥലത്ത് താമസമാക്കിയ ഇദ്ദേഹത്തിന്റെ സംഭാവനകൾ മലയാളത്തെ മഹത്തരമാക്കി. 22 ഇന്ത്യൻ ഭാഷകൾ ഇദ്ദേഹത്തിനറിയാമായിരുന്നു !!! കൂടാതെ ജർമ്മൻ, ഫ്രഞ്ച്, ഇംഗ്ലീഷ്, ലാറ്റിൻ, ഹീബ്രു എന്നീ ഭാഷകളും ഇദ്ദേഹം അനായാസം കൈകാര്യം ചെയ്യുമായിരുന്നു. ലോകത്തിൽ ഇത്താരമൊരു മനുഷ്യൻ ജീവിച്ചിരുന്നു എന്നത് നമ്മൾ എല്ലാവരെയും അത്ഭുതപ്പെടുത്തുകയും പ്രചോദിപ്പിക്കുകയും ചെയ്യുന്നു. കേരളത്തിലെ ആദ്യ പള്ളിക്കൂടം തുടങ്ങിയത്

ഇദ്ദേഹമായിരുന്നു. ഇദ്ദേഹത്തിന്റെ ഭാര്യയാണ് കേരളത്തിലെ ആദ്യ പെൺപള്ളിക്കുടം തുടങ്ങിയത്. ഇദ്ദേഹത്തിന്റെ കൊച്ചുമകളുടെ മകനാണ് ഹെർമൻ ഹെസ്സേ എന്ന നോബൽ സമ്മാനജേതാവ് (1946- പുസ്തകം സിദ്ധാർത്ഥ). വിദ്യാഭ്യാസം, ഭാഷ, സാമൂഹികസേവനം, ബേസൽ മിഷനറി പ്രവർത്തനം ..... ഇദ്ദേഹം കൈ വയ്ക്കാത്ത മേഖലകളില്ല ..... ഇദ്ദേഹത്തിന്റെ ജീവിതം നമുക്ക് ഒരു പ്രചോദനമാണ്.



ശിവപ്രിയ അരുൺ IX A

# നന്മമരം



കിളികൾക്ക് ചേക്കേറാൻ ചില്ലകളും,
ആടി കളിക്കാൻ ശിഖരങ്ങളും,
ഊഞ്ഞാലിലാടി കളിക്കാനും,
കുസൃതിക്കാട്ടി ഒളിക്കാനും
മാനുഷർക്കെല്ലാം തണലേകി-
യുമങ്ങനെ നിലകൊള്ളുന്നീടുമി നന്മമരം.

അവധിക്കാലമുല്ലസിക്കാ, കിടാങ്ങൾക്കെല്ലാം ഉത്സവമേളം
ചില്ലകളിലെല്ലാം പൂങ്കുലകളും
തേനുണ്ണാൻ വണ്ടുകളും

തത്തിക്കളിച്ചാടി നടന്നു
തേൻ- നുകരാനായി ഓടിയെത്തീടുന്നു

ഭൂമിക്കായ് തണലേകിയും
നന്മമരങ്ങൾ വളർന്നിടുന്നു
കായ്കനികൾ നമുക്കായി നൽകി
അവ തൻെറ കടമ ചെയ്യുന്നല്ലോ
കൈകളാകുന്ന ശിഖിരങ്ങളാൽ
താളം പിടിച്ചുല്ലസച്ചീടുമീ നന്മമരം



നിവി സിജു IX A

# മരണം



നിൻ ഭയം നിൻ മുന്നിൽ
നിൻ സമയം നിൻ അരികിൽ
ഒരുപിടി ഓർമ്മകൾ ഈ
മണ്ണിൽ നിന്ന് മറഞ്ഞീടുന്നു
ഓർമ്മകൾ മാത്രം......
പറയാൻ കഴിയാതെ വന്ന
കുറേ വാക്കുകൾ.......

സഫലമകാത്ത സ്വപ്നങ്ങൾ
നിൻ ശരീരത്തിൽ നിന്ന് വേർപിരിയുന്നു
നിൻ കൈയിൽ നിൻ കടങ്ങൾ മാത്രം
നിൻ സായാഹ്നം അവസാനിക്കുന്നു ...
നീ മണ്ണിലേക്ക് മടങ്ങുന്നൂ...



സിൽഹ ആൻ്റെണി IX E

# കാർത്തുമ്പി



തുമ്പി ഇപ്പോൾ പട്ടണത്തിൽ ഒരു കമ്പനിയിലെ വലിയ ഉദ്യോഗസ്ഥയാണ്. അവളുടെ വളർച്ചയിൽ അഭിമാനം തോന്നും. തുമ്പിയെ അറിയുന്നതിന് മുന്നേ അവളുടെ അമ്മ കാർത്തുവിനെ പറ്റി അറിയണം. അവരുടെ ജീവിതം അറിയണം. തുമ്പിയെ ഇപ്പോഴത്തെ ഈ നിലയിൽ എത്തിച്ചത് കാർത്തുവാണ്.

കാർത്തു ഒരു സാധാരണ കുടുംബത്തിൽ ജനിച്ചു വളർന്നവൾ. അവളുടെ അച്ഛൻ കമ്പോളത്തിലെ ഒരു കച്ചവടക്കാരനായിരുന്നു. അച്ഛൻ, അമ്മ, രണ്ട് ചേച്ചിമാർ, ഒരനിയൻ അങ്ങനെ ഒരു സന്തുഷ്ട കുടുംബം. എല്ലാരും കൂടി കളിച്ചു ചിരിച്ചു സന്തോഷത്തോടെ കഴിഞ്ഞ നല്ല നാളുകൾ. അവരെല്ലാവരും വളർന്നു വലുതായി. എല്ലാവർക്കും നല്ല വിദ്യാഭ്യാസവുമുണ്ട്. അങ്ങനെയിരിക്കെ കാർത്തുവിന്റെ ചേച്ചിമാരുടെ വിവാഹം കഴിഞ്ഞു. ഇനി അടുത്തത് കാർത്തുവിന്റെ വിവാഹം. ചേച്ചിമാരുടെ വിവാഹവും അച്ഛന്റെ വ്യാപാരത്തിലെ നഷ്ടവും കാർത്തുവിന്റെ കുടുംബത്തെ കാര്യമായി ബാധിച്ചിരുന്നു. എന്നിരുന്നാലും കാർത്തുവിന്റെ വിവാഹം കൂടി കഴിഞ്ഞാലേ അച്ഛന്

സമാധാനമാകൂ. കാർത്തുവിന്റെ അച്ഛൻ കാർത്തുവിനെ വിവാഹത്തിനായി നിർബന്ധിച്ചു. പക്ഷേ കാർത്തു അതിന് തയാറായിരുന്നില്ല. എങ്കിലും അച്ഛന്റെ നിർബന്ധത്തിന് വഴങ്ങി കാർത്തു വിവാഹത്തിന് സമ്മതിച്ചു. അങ്ങനെയാണ് കേശു കാർത്തുവിന്റെ ജീവിതത്തിലേക്ക് വരുന്നത്. അങ്ങനെ കേശു കാർത്തുവിനെ വിവാഹം കഴിച്ചു. പിന്നെ കേശു കാർത്തുവിന്റെ ജീവിതത്തിലെ എല്ലാമായി. ഒരു നിമിഷം പോലും കേശുവിനെ പിരിഞ്ഞിരിക്കാൻ കാർത്തുവിനാകില്ലായിരുന്നു. സൽസ്വഭാവം, ഉയർന്ന വിദ്യാഭ്യാസം നല്ല ജോലിയൊക്കെ ഉണ്ടായിരുന്നു കേശുവിന്. കേശുവിന്റെ ആകെയുള്ള ഒരു ദുഃസ്വഭാവം മുൻശുണ്ഠി മാത്രമായിരുന്നു. പക്ഷേ അതൊന്നും കാർത്തുവിന് ഒരു പ്രശ്നം ആയിരുന്നില്ല. അതെല്ലാമായി പൊരുത്തപ്പെട്ടു ജീവിക്കാൻ കാർത്തു ശീലിച്ചു. കാരണം കാർത്തുവിന്റെ ജീവനായിരുന്നു കേശു അങ്ങനെയിരിക്കെ ഒരു ദിവസം കാർത്തുവിന്റെ അച്ഛൻ മരിച്ചു. കേശുവിന് കാർത്തുവിന്റെ അമ്മയെ ഇഷ്ടമല്ലായിരുന്നു. അമ്മയോടുള്ള ദേഷ്യം കാരണം കേശു കാർത്തുവിനെ കാർത്തുവിന്റെ വീടുമായി അടുപ്പിക്കില്ലായിരുന്നു. കാർത്തു ഒരിക്കലും അതിനെ പറ്റി ഒരു പരിഭവവും പറഞ്ഞിരുന്നില്ല.പക്ഷേ കാർത്തുവിന്റെ അച്ഛന്റെ മരണം അവരുടെ ജീവിതം തന്നെ മാറ്റി മറിച്ചു. അച്ഛന്റെ മരണനന്തര ചടങ്ങുകൾക്കു ഏതാനും നിമിഷം മുന്നേ വീട്ടിലെത്തിയോ കാർത്തു ഇതിനെ ചൊല്ലി കേശുവുമായി വഴക്കിട്ടു. ആ വഴക്ക് വളർന്നു വലുതായി. ആരും അവരെ അനുനയിപ്പിക്കാൻ ശ്രമിച്ചില്ല.

പട്ടണത്തിലെ ഉയർന്ന കോളേജിലൊക്കെ പഠിച്ചു എന്നല്ലാതെ കാർത്തുവിനെ പുറം ലോകവുമായി ബന്ധം കുറവായിരുന്നു. കാർത്തുവും കേശുവും തമ്മിലുള്ള വഴക്ക് വളർന്നു വലുതായി. അത് കേസായി തീർന്നു. അവർ നിയമപരമായി

വേർപിരിഞ്ഞു.ആ സമയം തുമ്പി കാർത്തുവിന്റെ വയറ്റിൽ ഉണ്ടായിരുന്നു.

പിന്നീട് കാർത്തുവിന്റെ ഒറ്റയാൾ പോരാട്ടമായിരുന്നു. അവൾ ആരെയും ആശ്രയിച്ചില്ല. അവൾ പല സ്ഥലങ്ങളിൽ ജോലി ചെയ്തു. അവൾക്കു ജനിച്ച മോൾക്ക് വേണ്ടി, ആരുടെ മുന്നിലും തളരാതെ പതറാതെ നിന്നു. വേറെ ഒരു വിവാഹത്തെ പറ്റി പോലും കാർത്തു ചിന്തിച്ചില്ല. ഇനിയുള്ള ജീവിതം മോൾക്ക് വേണ്ടി എന്നുറച്ചവൾ തീരുമാനിച്ചു. എല്ലാം മോൾക്ക് വേണ്ടി എന്നവൾ ഉറപ്പിച്ചു. മോളെ പഠിപ്പിക്കണം. അവളെ ഒരു നല്ല നിലയിൽ എത്തിക്കണം എന്ന് മാത്രമായി അവളുടെ ചിന്ത. അങ്ങനെ കാർത്തു മോളെ വളർത്തി വലുതാക്കി. അവൾക്കു നല്ല വിദ്യാഭ്യാസം നൽകി. ഇപ്പോൾ ആര് കണ്ടാലും കേട്ടാലും കൊതിയോടെ അല്ലെങ്കിൽ അമ്പരപ്പോടെ നോക്കുന്ന നിലയിലെത്തിച്ചിരിച്ചിരിക്കുന്നു. ഇനി തുമ്പിയുടെ വിവാഹം അതാണ് കാർത്തുവിന്റെ ആഗ്രഹം.
അങ്ങനെ മോൾക്ക് വേണ്ടിയുള്ള ജീവിതവും ഒരിക്കലും തന്റെ ജീവിതത്തിലേക്ക് മടങ്ങി വരാത്ത കേശുവിന് വേണ്ടിയുള്ള കാത്തിരിപ്പുമായി കാർത്തുവിന്റെ ജീവിതം തുടരുന്നു.

പാഠം : മുൻശുണ്ഠി നല്ലതല്ല. അത് പല ജീവിതങ്ങൾ നശിപ്പിക്കും



നിവി സിജു IX A

# ചങ്ങമ്പുഴ കൃഷ്ണപിള്ള



മലയാളത്തിലെ എക്കാലത്തെയും മികച്ച ജനകീയ കവികളിൽ ഒരാളാണ് ചങ്ങമ്പുഴ കൃഷ്ണപിള്ള. 1911 ഒക്ടോബർ പത്തിന് എറണാകുളം ജില്ലയിലെ ഇടപ്പള്ളിയിൽ ജനിച്ചു. അച്ഛൻ തെക്കേടത്ത് രാമൻ മേനോനും അമ്മ ചങ്ങമ്പുഴ പാറുക്കുട്ടയമ്മയും ആണ്. സ്കൂൾ വിദ്യാഭ്യാസം ആലുവയിലും എറണാകുളത്തും ആയി പൂർത്തിയാക്കിയ അദ്ദേഹം വിരുദ്ധ പഠനം നടത്തിയത് മഹാരാജാസ് കോളേജിൽ ആണ്.

ശ്രീ ചങ്ങമ്പുഴ കൃഷ്ണപിള്ള 1936 ൽ എഴുതിയ മലയാളത്തിലെ ഏറ്റവും മികച്ച രമണൻ എന്ന പ്രേമകാവ്യം ആ കാലത്ത് ഏറ്റവും കൂടുതൽ വായിക്കപ്പെട്ടതായ ഒരു കാവ്യമാണ്. അക്ഷരാഭ്യാസമില്ലാത്ത ലക്ഷക്കണക്കിന് മലയാളികളുടെ ചുണ്ടിൽ തത്തിക്കളിച്ച വഴികളൊക്കെയും രമണൻ എന്ന പ്രേമ കാവ്യത്തിൻറേതാണ്.

അദ്ദേഹം യഥാർത്ഥത്തിൽ പ്രേമകാവ്യം മാത്രമല്ല ആ കാലത്ത് ജാതിജന്മി ചിന്തകൾക്ക് അടിമപ്പെട്ട കേരളത്തിൽ അരികുവൽക്കരിക്കപെട്ട കീഴാളജനത അനുഭവിച്ചിരുന്ന കഷ്ടപ്പാടുകൾക്കും യാതനകൾക്കും ചൂഷണങ്ങൾക്കും എതിരെ തൂലിക പടവാളാക്കിയ അദ്ദേഹത്തിൻറെ വളരെ പ്രശസ്തമായ മറ്റൊരു കൃതിയാണ് വാഴക്കുല. കേരളത്തിലെ സാമൂഹ്യരാഷ്ട്രീയ അന്തരീക്ഷം കൃത്യമായി ഈ കാവ്യത്തിൽ വരച്ചിട്ടിരിക്കുന്നത് കാണാം.

മലയാളത്തിലെ പ്രശസ്തനായ ഈ കവി 1948 ജൂൺ 17 ന് ഈ ലോകത്തോട് വിടപറഞ്ഞു. അദ്ദേഹത്തിൻറെ ഓർമ്മയ്ക്കായി ഇടപ്പള്ളിയിലെ ചങ്ങമ്പുഴ പാർക്കിൽ സ്മൃതിമണ്ഡപം ഒരുക്കിയിട്ടുണ്ട്. മലയാളികളുടെ മനസ്സിൽ നിന്നും മായാത്ത ഓർമയായി അദ്ദേഹം ഇന്നും ജീവിക്കുന്നു.

കാവ്യനർത്തകി തിലോത്തമ തുടങ്ങി മനസ്വിനി, നിരാശ വരെ എത്തി നിൽക്കുന്ന നിരവധി കവിതകളും അനേകം ഗദ്യകൃതികളും അദ്ദേഹത്തിൻറേതായിട്ടുണ്ട്.



വിജയലക്ഷ്മി. കെ. എസ് IX A

# നഷ്ട സ്വപ്നങ്ങൾ



മണ്ണിൽ നിന്നകന്നു നീ
എൻ ജീവനേ.....
നിഴലുപോലെൻ കൂടെ
നീയെൻ തോഴനായ്
എൻ പാതിയായ്.....
ഇന്നെൻ ഹൃത്തിൻ നൊമ്പരമായി
നീ മാഞ്ഞു.

ഇനി നീയില്ലീ ഭൂവിൽ
എങ്കിലും ജീവിപ്പു നീ-
യെൻ ഹൃത്തിലെന്നും
മരിക്കാത്ത ഓർമ്മയായി.
ഇന്നു ഞാൻ ഏകനായി
ഈ തണൽ വീഥിയിൽ

നിന്നോർമ്മതൻ വഴിയെ
ഞാൻ നടന്നു.

അന്നു നാം നെയ്ത
മഴനിലാവുകൾ ഇന്നെൻ
ഹൃത്തിനെ തലോടുന്നു
മാനത്തെ വെള്ളിനിലാവു
പോലെ നിൻ മുഖം എൻ
മനസ്സിൽ തെളിഞ്ഞിടുന്നു
അന്നു പാടിയ പാട്ടിൻ ഈണം

ഇന്നേകനാമെൻ കാതിൽ താരാട്ടായി
മഴത്തുള്ളികൾ മണ്ണിലലിയും പോലെ

നിൻ ആത്മാവിൽ ഞാൻ അലിഞ്ഞീടട്ടെ
കാത്തിരിപ്പൂ നിനക്കായി ഞാൻ
ഈ പൂമുഖപ്പടിയിൽ
നീ വരില്ലേ.......?



അന്ന ആഗ്നസ് IX E

# മഞ്ഞ്

ഒരിടത്ത് വർഷ എന്ന പെൺകുട്ടി ജീവിച്ചിരുന്നു അവളുടെ ഏറ്റവും വലിയ ആഗ്രഹം മഞ്ഞ് കാണണമെന്നും അത് സ്പർശിക്കണം എന്നുമാണ് . ഈ ആഗ്രഹം അവളിൽ വരാൻ കാരണം ആദ്യ ഇന്ത്യൻ വനിതയായ ബച്ചെന്ദ്രി പാൽ എവറസ്റ്റ് കീഴടക്കിയ വാർത്ത ആർട്ടിക്കിളിൽ കണ്ടു അതിനു ശേഷം അവൾ എവറസ്റ്റ് പർവ്വതങ്ങളെ കുറിച്ച് കുറെ വിവരങ്ങൾ ലൈബ്രറിയിൽ നിന്നും ഇന്റർനെറ്റിൽ നിന്നും തിരയാൻ ആരംഭിച്ചു അപ്പോഴാണ് അവൾ മഞ്ഞ് ശ്രദ്ധിക്കാൻ ആരംഭിച്ചത് അവൾ അതിനെ ആസ്വദിക്കാനും തുടങ്ങി.അതിനുശേഷം അവളുടെ സ്വപ്നത്തിൽ പഞ്ഞിക്കെട്ട് പോലത്തെ മലനിരകൾ കൊണ്ട് മനോഹരമായി.ഇതിനുശേഷമാണ് അവൾക്ക് മഞ്ഞിനോട് സ്നേഹം കൂടിയത് എന്നാൽ അവളുടെ അച്ഛന് ഇതു പോലുള്ള സ്ഥലങ്ങളിൽ പോകുന്നത് ഇഷ്ടമല്ലായിരുന്നു .താൻ ജീവിക്കുന്ന മണ്ണിനെയും പ്രകൃതിയെയും അത്രമേൽ സ്നേഹിക്കുന്നത് കൊണ്ട് മറ്റു സ്ഥലങ്ങളിൽ പോയി ജീവിക്കുന്നത് അച്ഛൻ അസഹനീയമായിരുന്നു .അതുമല്ല തന്റെ ഏക മകളായ വർഷയെ പിരിഞ്ഞിരിക്കാൻ അച്ഛന് കഴിയില്ലായിരുന്നു .അവളുടെ അമ്മയാണെങ്കിൽ അവളുടെ ആഗ്രഹത്തിന് അധികം വിലകൊടുക്കുന്നുണ്ടായിരുന്നില്ല. അമ്മ അച്ഛന്റെ നിലപാടുകളിൽ ഉറച്ചുനിൽക്കുന്നവരായിരുന്നു അതുകൊണ്ട് അവൾക്ക് തന്റെ ആഗ്രഹം അമ്മയുടെയും അച്ഛന്റെയും സ്നേഹത്തിനു മുൻപിൽ പറയാൻ സാധിച്ചില്ല. എന്നാൽ അവൾ അവളുടെ ആഗ്രഹം തന്റെ ക്ലാസിലെ കൂട്ടുകാരിയായ അമൃതയോടും,അയൽവീട്ടിൽ താമസിക്കുന്ന സൂര്യ എന്നാ രണ്ടു കൂട്ടുകാരികളോടും പറഞ്ഞു. അവർ രണ്ടുപേരും അവളുടെ ആഗ്രഹത്തെ പിന്തുണച്ചിരുന്നു .അങ്ങനെയിരിക്കെ ഒരു ദിവസം അച്ഛൻ അവളോട് തന്റെ ഏറ്റവും വലിയ ആഗ്രഹം എന്താണെന്ന് തിരക്കി എന്നാൽ അവൾ അത്

പറയാൻ കൂട്ടാക്കിയിരുന്നില്ല. ഇതിൽ പന്തികേട് തോന്നിയ അച്ഛൻ അവൾ സ്കൂളിൽ പോയ സമയം നോക്കി അവളുടെ മുറിയിൽ കേറി നോക്കി .മുറിയിൽ നിറയെ മഞ്ഞുമായി ബന്ധപ്പെട്ട കുറെയേറെ കാര്യങ്ങൾ അവൾ ശേഖരിച്ച് വെച്ചിട്ടുണ്ടായിരുന്നു .അച്ഛൻ അതുകൊണ്ട് കോപാകുലനായി അത് മുഴുവൻ വലിച്ചുകീറി. സ്കൂള് കഴിഞ്ഞു വീട്ടിൽ എത്തിയ അവൾ അത് കണ്ടു .സങ്കടം സഹിക്കാൻ അവൾക്ക് സാധിച്ചില്ല .താൻ അത്രമാത്രം സ്നേഹിച്ച തന്റെ ആഗ്രഹത്തിന് ചിറകു തകർത്ത അവളുടെ അച്ഛനെയാണ് അവൾ കണ്ടത്. ഇത് കണ്ടതും അവൾ അവളുടെ നിലപാട് അച്ഛനോട് പറയുകയും അതിൽ ഉറച്ചുനിൽക്കുകയും ചെയ്തു .അച്ഛൻ തന്റെ നിലപാടിൽ ഉറച്ചുനിന്നു. താൻ ജീവിക്കുന്ന തന്റെ മണ്ണിനെയും പ്രകൃതിയും വിട്ട് പിരിയില്ലെന്ന് അച്ഛനും..



അതിനുശേഷം ദിവസങ്ങൾ സാധാരണയായി പോയി അവൾക്ക് അപ്പോഴും മഞ്ഞിനെ കാണണം എന്ന ആഗ്രഹം ഇതുവരെ വിട്ടുമാറിയില്ല .അന്നത്തെ ദിവസമാണ് അവളുടെ പ്ലസ് ടു റിസൾട്ട് വരുന്നത് .അവൾക്ക് എല്ലാ പരീക്ഷകളിലും നല്ല മാർക്ക് കിട്ടി. അപ്പോഴാണ് അവളുടെ അച്ഛൻ പറഞ്ഞത് ഇത് ആഘോഷിക്കാൻ നമുക്ക് എവിടെയെങ്കിലും പോകാം എന്ന്. അവൾക്ക് അപ്പോഴും മഞ്ഞുള്ള സ്ഥലത്ത് പോകണം എന്നായിരുന്നു ആഗ്രഹം എങ്കിലും

അവൾ അത് അച്ഛനോട് പറഞ്ഞില്ല.അങ്ങനെയിരിക്കെ പിറ്റേദിവസം അവളുടെ റിസൾട്ട് ആഘോഷിക്കാൻ ഒരിടം വരെ പോകണം; അതുകൊണ്ട് വസ്ത്രങ്ങൾ പെട്ടിയിൽ എടുത്തുവെക്കാൻ അച്ഛൻ പറഞ്ഞു .അവൾക്ക് അപ്പോഴും വളരെയേറെ ആഗ്രഹം ഉണ്ടായിരുന്നു ആ സ്ഥലം ഏതാണ് എന്ന് അറിയാൻ പക്ഷേ അച്ഛൻ പറഞ്ഞില്ല .അങ്ങനെ അവൾ അവിടെ എത്തി .പിറ്റേദിവസം അവരെ അച്ഛൻ ഒരു സ്ഥലത്തേക്ക് കൊണ്ടുപോയി. അവളുടെ കണ്ണുകൾ അടച്ചാണ് അച്ഛൻ കൊണ്ടുപോയത് .അവിടെ എത്തിയപ്പോൾ അച്ഛൻ കൈകൾ മാറ്റി .അവൾക്ക് അവളുടെ കണ്ണുകളെ പോലും വിശ്വസിക്കാൻ കഴിഞ്ഞില്ല .കാരണം അവളുടെ അച്ഛൻ അവരെ കൊണ്ടുവന്നത് കാശ്മീരിനെ താഴ്വാരങ്ങളിൽ ആണ് .അവൾ കുറേ നേരം മഞ്ഞിൽ കളിച്ചു ,അതുകഴിഞ്ഞ് അവളുടെ അച്ഛൻ വളരെ സന്തോഷത്തോടെ അവളുടെ കയ്യിൽ ഒരു സാധനം വച്ചുകൊടുത്തു .അവൾ അത് തുറന്നു നോക്കി കാശ്മീരിലെ ഒരു യൂണിവേഴ്സിറ്റിയിലെ അഡ്മിഷൻ പേപ്പർ ആണ്. അവൾ അത് ഒന്നുകൂടി നോക്കി അപ്പോഴാണ് അവിടെ അവൾക്ക് അവളുടെ പേര് കാണാൻ സാധിച്ചത് .അവൾക്ക് അത് വിശ്വസിക്കാൻ സാധിച്ചില്ല .വീണ്ടും അവൾ മഞ്ഞിൽ കളിക്കുന്നതിനിടെ  അവൾ അച്ഛനെ ഒന്ന് നോക്കി അച്ഛന്റെ സ്നേഹം മഞ്ഞ് പോലെ മൃദുലമായിരുന്നു .



അനുപമ പ്രദീപ് IX A

# നീർമാതളത്തിന്റെ സ്വന്തം ആമി.....

നിഷ്കളങ്കമായ വാക്കുകളിലൂടെ മലയാളത്തെ കൈചേർത്ത് പിടിച്ച എഴുത്തുകാരിയാണ് മാധവിക്കുട്ടി എന്ന കമലാ ദാസ്. ജീവിതത്തിന്റെയും പ്രകൃതിയുടെയും സമസ്ത ഭാവങ്ങൾ ഉൾക്കൊള്ളിച്ച രചനകളാണ് മാധവിക്കുട്ടിയുടേത്. മണ്ണ്, പ്രണയം, മരണം, സ്ത്രീ എന്നിവയൊക്കെയാണ് കമലയുടെ കൃതികളുടെ ഇതിവൃത്തം. തികച്ചും പ്രാദേശികമാണ് കമലയുടെ കൃതികളുടെ പശ്ചാത്തലം എങ്കിലും ആവിഷ്കാരപരമായ സവിശേഷതകൾ കൊണ്ട് ആ കഥകൾ ആഗോളവ്യാപ്തി കൈവരിച്ചു. മലയാള സാഹിത്യത്തിൽ അതുല്യമായൊരു സ്ഥാനം മാധവികുട്ടിക്കുണ്ട്.

ബാഹ്യഭാവത്തിൽ കമലയുടെ കവിത ലളിതമാണ്, കൊച്ചുവർത്താനം പോലെയാണ് പല കവിതകളും. തന്നെതന്നെയാണ് മാധവികുട്ടി കവിതയിൽ വരച്ചിടുന്നത്. ആദ്യകാല കവിതകളിൽ രതിയും, വ്യക്തിബന്ധങ്ങളും, വിചാരങ്ങളുമാണ് കടന്നുവരുന്നത്; പിന്നീട് വാർദ്ധക്യത്തെകുറിച്ചും, മരണത്തെ കുറിച്ചും, ഒന്നുമില്ലായ്മയെ കുറിച്ചുമാണ് അവർ എഴുതിയത്.

സാഹിത്യസമ്പന്നമായ കുടുംബപശ്ചാത്തലത്തിലാണ് കമലയുടെ ജനനം. 1934 മാർച്ച് 31ന് തൃശ്ശൂർ ജില്ലയിൽ പുന്നയൂർകുളത്ത് നാലാപ്പാട്ട് നാരായണമേനോൻനിലൂടെയും ബാലാമണിയമ്മയിലൂടെയും സാഹിത്യരംഗത്ത് ചെറുതല്ലാത്ത സ്ഥാനം നേടിയിരുന്നു, നാലപ്പാട്ട് തറവാട്ടിൽ ബാലാമണിയമ്മയുടെ

മകളായിട്ടാണ് മാധവിക്കുട്ടിയുടെ ജനനം. ആമി എന്ന ഓമനപ്പേരിൽ അവർ വിളികൊണ്ടു.

തലമുറകളായി കൈമാറി കിട്ടിയ സാഹിത്യത്തിന്റെ സുഗന്ധം അവർ കൃതികളിലൂടെ പരത്താൻ തുടങ്ങി. അവർ എഴുതി. മുല്ലപ്പൂവ് പോലെ വെണ്മയുള്ളതും സുഗന്ധം പൊഴിക്കുന്നതുമായ കഥകളും കവിതകളും അനുഭവക്കുറിപ്പുകളും നമുക്ക് സമ്മാനിച്ചു. 'പക്ഷിയുടെ മണം' എന്ന ചെറുകഥയാണ് ആദ്യകൃതി. ഭയം എന്റെ നിശാവസ്ത്രം, ചുവന്ന പാവാട, ബാല്യകാല സ്മരണകൾ, ഡയറിക്കുറിപ്പുകൾ, നെയ്പ്പായസം, ചന്ദനമരങ്ങൾ, വണ്ടിക്കാളകൾ, നീർമാതളം പൂത്തകാലം, നഷ്ടപ്പെട്ട നീലാംബരി, ഒറ്റയടിപ്പാത തുടങ്ങിയവയാണ് മറ്റ് പ്രധാന കൃതികൾ.



1999 ൽ മുസ്ലിംമതം സ്വീകരിച്ച് മാധവിക്കുട്ടി എന്ന കമലാ ദാസ്, കമലാ സുരയ്യയായി മാറി. കമലയുടെ മുസ്ലിം മതത്തിലേക്കുള്ള പരിവർത്തനം പുതിയൊരു വിവാദത്തിന് തിരികൊളുത്തി. തന്റെ കാമുകനായ കൃഷ്ണനെയും കൂടെകൂട്ടുന്നു എന്ന വാചകം വിവാദങ്ങളുടെ ആക്കംകൂട്ടി.

ഒടുവിൽ എല്ലാ വിവാദങ്ങൾക്കും അന്ത്യം കുറിച്ചുകൊണ്ട്, എല്ലാ വാക്കുകളിലും മൗനം നിറച്ചുകൊണ്ട് 2009 മെയ് 31ന്

കമലാസുരയ്യയായി ഏക ദൈവത്തിങ്കലേക്ക് യാത്രയായി. മരിക്കുംമുമ്പ് അവർ എഴുതിയ കവിതയാണ് :

”ഞാൻ മരിക്കുമ്പോൾ
എന്റെ മാംസവും
അസ്ഥികളും
ദൂരെയെറിഞ്ഞു
കളയരുത്
അവ കൂന കൂട്ടിവയ്ക്കുക.
അവ അവയുടെ
ഗന്ധത്താൽ പറയട്ടെ
ജീവിതത്തിനെന്തു
മേന്മയുണ്ടായിരുന്നെന്ന്
അവസാനത്തിൽ
സ്നേഹത്തിന്റെ
മാഹാത്മ്യമെന്തായിരുന്നെന്ന്.”

ജീവിതത്തിന്റെയും പ്രണയത്തിന്റെയും മൂല്യം വിളിച്ച് പറയുന്ന ഒരുപിടി നല്ല രചനകൾ സമ്മാനിച്ചാണ് അവർ കടന്നുപോയത്. പ്രണയത്തെക്കുറിച്ചും, രതിയെക്കുറിച്ചും, ദാമ്പത്യത്തെക്കുറിച്ചും, ജീവിതത്തെക്കുറിച്ചുമൊക്ക അവർ വാചാലയായിക്കൊണ്ടിരുന്നു. അവരുടെ സ്വരം ഇനി എത്രയോ തലമുറ അറിയാനും ആസ്വദിക്കാനും ഇരിക്കുന്നു. ആ വരുംകാല ആസ്വാദകരുടെ കൂടെ പേരിൽ മാധവിക്കുട്ടിക്ക് പ്രണാമം.



അന്ന ആഗ്നസ് IX E

# മഴവില്ല്



ഏഴു നിറമുള്ള മഴവില്ലേ,
നിന്നെ കാണാൻ എന്തുഭംഗി.
നിന്നെ നോക്കി നിൽക്കുമ്പോൾ,
നിൻറെ ഭംഗിയിൽ ഞാൻ ലയിച്ചുപോകും.
മഴ മാറുമ്പോൾ നിൻെറ
ഏഴു വർണ്ണങ്ങൾ കാണാൻ,
ഞാൻ ആകാംക്ഷയോടെ
നോക്കിനിൽക്കും.

നിന്നെ ആകാശവീഥിയിൽ,
കാണാതെയാകുമ്പോൾ എൻ മനം നീറും.
നിൻ ഏഴു വർണ്ണങ്ങളാൽ,
നീയെത്ര ഭാഗ്യവതി.



ഹരിത സി.എ  IX E

# തുമ്പപ്പൂവ്



ഇമ്പം കലരും തുമ്പപ്പൂവേ
ഒരു കാര്യം നീ ചൊല്ലാമോ?
പാൽ പുഴയിൽ മുങ്ങിട്ടാണോ
നിനക്കു കിട്ടി വെള്ളനിറം?
മനം മയക്കും തുമ്പപ്പൂവ്....
തുമ്പപ്പൂവേ നീ ചൊല്ലാമോ?
വെള്ളിനിലാവിൽ നീന്തീട്ടാണോ
വിരുന്നു വന്നു രാവിലെ നീ?
വെണ്മ നിറഞ്ഞു കവിഞ്ഞൊഴുകും നിൻ
പാൽ ചിരി കാണാനെന്തു ഭംഗി!



സൽന സെബാസ്റ്റ്റിൻ IX D

# പുത്തനുണർവ്

കൊറോണ എന്ന മഹാമാരിയുടെ കാലത്തെ വിരസത മാറ്റാനാണ് സ്നേഹ പുസ്തക വായന തുടങ്ങിയത്. വായനയെന്നാൽ ഇന്നത് എന്നൊന്നുമില്ല. തടി അലമാരയിൽ നിരന്നിരിക്കുന്ന പുസ്തകങ്ങളിലൂടെ അവൾ മെല്ലെ വിരൽ ഓടിക്കും, ഒടുവിൽ കാണാൻ ചന്തമുള്ള പുറം ചട്ടയുള്ള ഒരു പുസ്തകം എടുക്കും. പിന്നെ ഒരു വായനയാണ്.അത് ചിലപ്പോൾ പൂമുഖത്തെ അരമതിലിൽ ഇരുന്ന് ആകാം. അല്ലെങ്കിൽ മുറ്റത്തെ മൂവാണ്ടൻ ചാഞ്ഞു കിടക്കുന്ന കൊമ്പിലിരുന്നാകാം.

മൂവാണ്ടൻ മാവ് പണ്ടേ അവളുടെ പ്രിയപ്പെട്ട ഇടമാണ്. വായനയ്ക്കിടയിൽ ആരും ശല്യപ്പെടുത്തുന്നത് അവൾക്ക് ഇഷ്ടമല്ല. എങ്കിലും ഇടയ്ക്കിടെ കലപിലകൂട്ടി തന്നെ ശല്യപ്പെടുത്താനെത്തുന്ന ഇരട്ടവാലൻ കിളികളോട് അവൾ കുശലം പറയാറുണ്ട്.

വായന മൂക്കുമ്പോൾ കഥയിലെ കഥാപാത്രങ്ങൾ ഓരോരുത്തരോടും അവൾ കിന്നാരം പറയാൻ തുടങ്ങും. അള്ളാപ്പിച്ചമൊല്ലാക്കയോടും, രവിയോടും, കാറ്റിലാടുന്ന പനങ്കുലംകളും എല്ലാം അവളുടെ സ്വന്തക്കാരാണ്.



